# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2261 8/12/2015-ൽ മറുപടിക്ക്

## ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>,, ബി.ഡി.ദേവസ്സി<br>,,കെ.ദാസൻ<br>,,എസ്. രാജേന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം കൈവരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് നിർമ്മാണം നടന്നു വന്നിരുന്ന 9 ജലവൈദ്യുത പദ്ധതികൾ (ആകെ 136.75 മെഗാവാട്ട്) പൂർത്തിയാക്കുവാനും, നിർമ്മാണം ആരംഭിച്ച 6 ജലവൈദ്യുത പദ്ധതികൾ (ആകെ 63.6 മെഗാവാട്ട്) പൂർത്തിയാക്കുവാനുമാണ് ലക്ഷ്യമിട്ടിരുന്നത്. ആകെ 200.35 മെഗാവാട്ട് -ന്റെ വർദ്ധനവാണ് ലക്ഷ്യമിട്ടിരുന്നത്. കൂടാതെ പുനരുദ്ധാരണ നവീകരണ പദ്ധതികൾ വഴി 9 മെഗാവാട്ടിന്റെ വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു.<br><br>ഇക്കാലയളവിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് 5 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. ബാരപ്പോൾ പദ്ധതിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. പുനരുദ്ധാരണ-നവീകരണത്തിനുശേഷം 9 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവും ഉണ്ടായിട്ടുണ്ട്. |

/....2)

| | | |
|---|---|---|
| (ബി) | ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്ത മാക്കാമോ ? | (ബി) പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം, വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനുള്ള താമസം, പൊതുജന ങ്ങളുടെ എതിർപ്പ്, പദ്ധതി നടപ്പിലാക്കുമ്പോൾ നേരിടുന്ന വിവിധ സാങ്കേതിക ബുദ്ധിമുട്ടുകൾ, ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവ് എന്നിവയാണ് ഊർജ്ജ ഉൽപാദനമേഖലയിൽ പ്രതീക്ഷിച്ച ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിയാതിരുന്ന തിനുള്ള കാരണങ്ങൾ. |

**സെക്ഷൻ ഓഫീസർ**

(ബി)